പരമ്പരാഗത മത്സ്യബന്ധന മേഖലയിലെ തൊഴിലവസരങ്ങൾ

82 [3669] ശ്രീ. ടി. എൻ. പ്രതാപൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യബന്ധന മേഖലകളിൽ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട്;

(ബി) ഏതെല്ലാം രീതിയിലുള്ള മത്സ്യബന്ധനമാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നടത്തുന്നത്;

(സി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ എത്ര പേരുണ്ട്;

(ഡി) സംസ്ഥാനത്ത് പ്രതിവർഷം എന്തുതുകയ്ക്കുള്ള ഉൾനാടൻ മത്സ്യം ലഭിക്കുന്നുണ്ട്?

ഉത്തരം

(എ) 220592 പേർ.

(ബി) സാധാരണ വള്ളങ്ങളിൽ ഗിൽനെറ്റ്, വീശുവല, ഒഴുക്കുവല, ട്രാമൽവല, ചൂണ്ട എന്നിവയും യന്ത്രവത്കൃത വള്ളങ്ങളിൽ ചൂടവല, കൊല്ലിവല, താങ്ങുവല, മിനിട്രോൾ വലകൾ, ഒഴുക്കുവല, ചൂണ്ട, തട്ടുമടി, വട്ടവല തുടങ്ങിയവയും ഉപയോഗിക്കുന്നു.

(സി) ഏകദേശം 41223 പേർ.

(ഡി) ഉദ്ദേശം 300 കോടി രൂപയുടെ.

മൺസൂൺ കാലയളവിൽ സമൃദ്ധമായി കണ്ടുവരുന്ന മത്സ്യങ്ങൾ

83 [3670] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, എം. മുരളി:

ശ്രീമതി രാധാരാഘവൻ:

ശ്രീ. വർക്കല കഹാർ:

,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൺസൂൺ കാലയളവിൽ സമൃദ്ധമായി കണ്ടുവരുന്ന മത്സ്യങ്ങളേതെല്ലാമെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൺസൂൺ സമയത്തെ ട്രോളിംഗ് നിരോധനകാലം കഴിയുമ്പോൾ ഈയിനങ്ങളിൽപ്പെട്ട മത്സ്യങ്ങൾ സമൃദ്ധമായി കടലിൽ കാണാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാള, അയില, കിളിമീൻ, കൊഴുവ, വറ്റ, ചൂര, അരണമീൻ എന്നിവയും വിവിധതരം കൊഞ്ചുകളും.

(ബി) ഉണ്ട്.

ആഴക്കടലിൽ നിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ അളവ്

84 [3671] ശ്രീമതി രാധാരാഘവൻ:

ശ്രീ. അടൂർ പ്രകാശ്:

,, വർക്കല കഹാർ:

,, ടി. വി. ചന്ദ്രമോഹൻ:

,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ ആഴക്കടലിൽ, പിടിച്ചെടുക്കത്തക്ക എത്ര ടൺ മത്സ്യം ഒരു വർഷം ഉണ്ടാകാറുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ നിന്ന് സംസ്ഥാനത്ത് പിടിച്ചെടുക്കുവാൻ കഴിയുന്നത് എത്ര ടൺ മത്സ്യമാണ്;

(സി) ആഴക്കടലിൽ നിന്നും കൂടുതൽ മത്സ്യം പിടിക്കുവാൻ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു?

ഉത്തരം

(എ) ഏകദേശം 10 ലക്ഷം ടൺ.

(ബി) പ്രതിവർഷം ആറുലക്ഷം ടണ്ണോളം മത്സ്യം പിടിച്ചെടുക്കുന്നുണ്ട്.

(സി) പ്രത്യേക സഹായം ഒന്നും നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly